MRM
MALABAR RESEARCH MANUAL

ISSN 2320 - 947X
Vol.7, No. 1, April 2019

# MALABAR RESEARCH MANUAL
# മലബാർ റിസർച്ച് മാന്വൽ

**Peer Refereed Bi-annual**
**Inter Interdisciplinary Bilingual**
**Research Journal**



Department of Malayalam, Malabar Christian College, Calicut, Kerala PIN 673001
Phone: 0495 2765679 Website: www.mcccalicut.org E-mail: malayalamandalam@gmail.com

9 റേഡിയോ, സിനിമ, ടെലിവിഷൻ:
ചലച്ചിത്രഗാനങ്ങളുടെ വ്യത്യസ്ത വിനിമയങ്ങൾ
സിന്ധു കെ. കെ. 79

10 അകം-പുറങ്ങളിലെ വിഹ്വലസഞ്ചാരങ്ങൾ:
എം. ടി. - ഹരിഹരൻ സിനിമകളിലെ സ്ത്രീജീവിതം
ജോബി തോമസ് 96

11 അറബി-പേർഷ്യൻ പദങ്ങളുടെ സ്വാധീനം മലയാളത്തിൽ
ഡോ. മുഹമ്മദ് ശഫീഖ് വഴിപ്പാറ 109

12 ആൻഡമാൻ - നിക്കോബാർ ജയിൽ ജീവിതം
(സി.വി. ശ്രീരാമന്റെ 'വെളുത്തപക്ഷിയെ കാത്ത്
എന്ന കഥയെ ആസ്പദമാക്കിയുള്ള അന്വേഷണം)
റോസ് മാത്യു 118

13 വണ്ണാത്തി അലക്ക്: എങ്ങനെയാണ് തൊഴിലും തൊട്ടുകൂടായ്മയും
കേരളീയ സാമൂഹിക ഘടനയെ നിർമ്മിച്ചെടുത്തത്?
ഡോ. പ്രജിത പി 124

14 ദലിത് അനുഭവം: രാഘവൻ അത്തോളിയുടെ കവിതയിൽ
അഞ്ജലി എ 129

15 പ്രതിഷേധത്തിന്റെ പെൺവഴികൾ - പ്രഭാവർമ്മയുടെ കനൽച്ചി
ലമ്പ് എന്ന കവിതയെ അടിസ്ഥാനമാക്കിയുള്ള പഠനം
കവിത സി.കെ. 135

16 സാഹിതീയപൊതുമണ്ഡലത്തിന്റെ രൂപീകരണവും
മലയാളത്തിലെ സാഹിത്യസംവാദങ്ങളും
സരിത കെ. ആർ. 141

## 11

# അറബി-പേർഷ്യൻ പദങ്ങളുടെ സ്വാധീനം മലയാളത്തിൽ

ഡോ. മുഹമ്മദ് ശഫീഖ് വഴിപ്പാറ

ഒരു ഭാഷ മറ്റൊരു ഭാഷയുമായി സമ്പർക്കത്തിലേർപ്പെടാനുള്ള സന്ദർഭങ്ങൾ പലതാണ്. കച്ചവടം, ഭരണം, വിദ്യാഭ്യാസം, സംസ്കാരം, മത പ്രചാരണം തുടങ്ങിയ പല തലങ്ങളും അതിനു സാഹചര്യമൊരുക്കുന്നു. ഭാഷാ സമ്പർക്കത്തിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തിയുടെ ഭാഷക്ക് പ്രാഥമിക ഭാഷ (primary language) എന്നും ഏതു ഭാഷയുമായാണോ സമ്പർക്കത്തിലേർപ്പെടുന്നത് അതിന് ദ്വിതീയ ഭാഷ (secondary language) എന്നും പറയുന്നു.

വ്യത്യസ്ത ഭാഷകൾ തമ്മിൽ സമ്പർക്കത്തിലേർപ്പെടുമ്പോൾ അവയുടെ ഭാഷീയ പാരമ്പര്യങ്ങൾ പരസ്പരം സ്വാധീനിക്കാൻ സാധ്യതയുണ്ട്. വർണവിന്യാസ ക്രമം, പ്രത്യയ-വാക്യ-ഘടനകൾ തുടങ്ങിയവ ഉൾക്കൊള്ളുന്ന ഒരു ഭാഷയുടെ സംരചന (structure)ക്കു പരിമിതികൾ ഉണ്ടാകുകയും അതുമായി സമ്പർക്കത്തിൽ വരുന്ന ദ്വിതീയ ഭാഷയുടെ സംരചനാ ഘടകങ്ങളിൽ ചിലതോ എല്ലാം തന്നെയോ കൂടുതൽ ഉപകാര പ്രദമായിരിക്കുകയും ചെയ്താൽ ഒരു ദ്വിഭാഷകൻ ഈ സംരചനാ ഘടകങ്ങളെ പ്രാഥമിക ഭാഷയിലേക്കു സ്വീകരിക്കുക സ്വാഭാവികം മാത്രമാണ്. ഇങ്ങനെ ഒരു ഭാഷ മറ്റൊരു ഭാഷയുടെ മേൽ സ്വാധീനമുണ്ടാക്കുന്ന പ്രക്രിയക്കു ഭാഷാ സങ്കലനം (language contact) എന്നു പറയുന്നു(ജോസഫ് പി.എം, 2015:4).

ഭാഷാ സങ്കലനത്തിൽ ഏറ്റവും കൂടുതലായി സംഭവിക്കുന്നത് പദസ്വാധീനമാണ്. പ്രാഥമിക ഭാഷയിൽ പര്യാപ്തമായ പദങ്ങൾ ഇല്ലാതെ വരികയോ ഉള്ളവയെക്കാൾ മികച്ചവ ലഭിക്കുകയോ ചെയ്യുന്നതോടെ ദ്വിതീയ ഭാഷയിലെ പദങ്ങൾ സ്വീകരിക്കപ്പെടുന്നു. ഇങ്ങനെ സ്വീകരിക്കുന്ന പ്രക്രിയക്കു ആദാനം (borrowing) എന്നു പറയുന്നു. സ്വീകരിക്കുന്ന ഭാഷാ പദങ്ങളെ അന്യമായ പദം എന്ന് അർത്ഥമുള്ള പരകീയ പദം ഉപയോഗിച്ച് വിശേഷിപ്പിക്കാം(പ്രഭാകര വാരിയർ കെ.എം, 2001:172).

സ്വാധീനത്തിലൂടെ കൈവരുന്ന പദങ്ങൾ, അന്യ ഭാഷാപദങ്ങൾ എന്ന നിലയിലല്ലാതെ സ്വന്തം ഭാഷാപദങ്ങളായി തന്നെ വ്യവഹാരങ്ങളിൽ കുടിയേറുന്നു. അന്യ ഭാഷാപദങ്ങൾ ഏറ്റവും കൂടുതൽ സ്വീകരിച്ച ഇന്ത്യൻ ഭാഷകളിൽ മലയാളത്തിന്റെ സ്ഥാനം മുൻപന്തിയിലാണ്. ആയിരക്കണക്കിന് പദങ്ങൾ വിവിധ ഭാഷകളിൽ നിന്നായി മലയാളം സ്വീകരിച്ചിട്ടുണ്ട്. അതിൽ തന്നെ പ്രധാന സ്ഥാനം അറബി-പേർഷ്യൻ പദങ്ങൾക്കുണ്ട്. മലയാളത്തിൽ അറബി-പേർഷ്യൻ ഭാഷാപദങ്ങൾ ചെലുത്തിയ സ്വാധീനത്തിന്റെ ചരിത്രവും സ്വഭാവവുമാണ് ഈ പ്രബന്ധത്തിൽ അന്വേഷിക്കുന്നത്.

## അറബി സ്വാധീനത്തിന്റെ വഴി

അറബികൾക്ക് കേരളവുമായുള്ള ബന്ധത്തിന്റെ പൗരാണികത ചരിത്രകാരൻമാർ അംഗീകരിച്ചതാണ്[1]. സുദീർഘമായ ഈ അറബ്-കേരള ബന്ധം രണ്ടു രീതിയിൽ നിർണയിക്കപ്പെടുന്നു. ഒന്ന്, പ്രാചീന കാലം മുതൽ ഉണ്ടായ വാണിജ്യ ബന്ധം. രണ്ട്, പ്രവാചകൻ മുഹമ്മദ് നബിയുടെ കാലം മുതലോ അതിനു ശേഷം മുതലോ ഉണ്ടായ ബന്ധം. ചെങ്കടൽ-പേർഷ്യൻ ഉറമുഖങ്ങളിൽ നിന്നു കേരള ഉറമുഖത്തേക്കുള്ള വഴി അറിയുന്ന അറബി കച്ചവടക്കാർ നൂറ്റാണ്ടുകൾക്കു മുമ്പു തന്നെ ഇവിടെ വന്നും പോയിമിരുന്നു. ഈ കച്ചവട മാർഗത്തെപറ്റി പ്ലീനി(എ. ഡി 23) വിവരിക്കുന്നുണ്ട്(നമ്പ്യാർ ഒ.കെ, 1962:12). മുസ്സിരിസ്സിലാണ്(കൊടുങ്ങല്ലൂർ) അവർ എത്തിയിരുന്നത്. ഡോ. സി.കെ കരീം എഴുതുന്നു: "മോസ്സസ് എന്നു പറയുന്ന മൂസാ നബിയുടെ കാലത്ത് പോലും കേരളത്തിലെ സുഗന്ധ ദ്രവ്യങ്ങളും വനോൽപന്നങ്ങളും മധ്യ പൗരസ്ത്യ ദേശങ്ങളിലെ ഇഷ്ടഭോജ്യങ്ങളായിരുന്നു എന്ന് പഴയ നിയമങ്ങളിൽ പരാമർശമുണ്ട്. സോളമൻ ചക്രവർത്തി (സുലൈമാൻ നബി)കേരളത്തിലെ തേക്കിൻ തടികളും ആനക്കൊമ്പുകളും കൊണ്ടാണ് തന്റെ രമ്യ ഹർമങ്ങളുടെ മനോഹാരിത വർദ്ധിപ്പിച്ചതെന്നും വർദ്ധമാനമായ ഈ വാണിജ്യ സമ്പർക്കം തുടർന്നു പോന്നിരുന്നു എന്നുമുള്ളതിന് ധാരാളം രേഖകളുണ്ട്"(1984:57-58). മുഹമ്മദ് നബിയുടെ കാലഘട്ടത്തിനു മുമ്പുള്ള പ്രശസ്ത അറബി കവിയായ ഇംറുൽ ഖൈസ്, മാൻ കുഞ്ഞുങ്ങളുടെ കാഷ്ഠത്തെ കുരുമുളക് മണികളോട് ഉപമിച്ചത് കാണാം(ഇംറുൽ ഖൈസ്, 2003:7). അക്കാലത്ത് കേരളത്തിൽ മാത്രമുണ്ടായിരുന്ന കുരുമുളക് അറേബ്യയിൽ എത്തിയത്, വ്യാപാരികളായ അറബികൾക്ക് കേരളവുമായുള്ള ബന്ധം തെളിയിക്കുന്നു.

ആദം മല സന്ദർശിക്കുന്നതാനായി സിലോണിലേക്കു പോകുകയായിരുന്ന ഒരു സംഘം മുസ്ലിംകൾ യാദൃച്ഛികമായി കൊടുങ്ങല്ലൂരിൽ ഇറങ്ങിയത് എ. ഡി ഏഴാം നൂറ്റാണ്ടിൽ, അതായത് ഹിജ്റ ഒന്നാം നൂറ്റാണ്ടിലാണ്. അതിനു ശേഷം, ഇസ്‌ലാം മതം പ്രചരിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടു കൂടി തന്നെ, മാലിക് ദീനാറിന്റെ നേതൃത്വത്തിൽ ഒരു സംഘം ആളുകൾ അറേബ്യയിൽ നിന്നു മലബാറിലേക്കേ വന്നു[2]. അറബി വ്യാപാരികൾ ഇവിടെ വന്ന് താമസമുറപ്പിക്കുകയും തദ്ദേശീയർ ഇസ്‌ലാമിലേക്ക് മതപരിവർത്തനം നടത്തുകയും ചെയ്തതോടെ മലബാറിൽ ഇസ്‌ലാം ജനങ്ങൾക്കി

[1] panikkar k.m, 1960, a history of keral, anna maly university, annamalynagarh, p:8 നോക്കുക.

[2] ശൈഖ് സൈനുദ്ദീൻ ഇഹ്ഫതുൽ മുജാഹിദീനിലും (വിവ: മുഹമ്മദലി മുസ്‌ലിയാർ, നെല്ലിക്കുത്ത്, ജീനിയസ് ബുക്സ് കോഴിക്കോട്, 2006, പു.40-45) വില്യം ലോഗൻ മലബാർ മാന്വലിലും (വിവ: കൃഷ്ണൻ. ടിവി, മാതൃഭൂമി ബുക്സ് (എട്ടാം പതിപ്പ്)2010, പു. 150-152) ഈ വിഷയം ചർച്ച ചെയ്യുന്നുണ്ട്.

ടയിലെ വ്യവഹാരങ്ങളിൽ നേരിട്ട് ഇടപെട്ടു. മറ്റൊന്ന്, ഇവിടെ താമസമാക്കിയ അറബികൾ തദ്ദേശീയ സ്ത്രീകളെ വിവാഹം കഴിക്കുകയും ചെയ്തു. മാപ്പിള സമുദായത്തിന്റെ രൂപീകരണം സംഭവിക്കുന്നത് ഇങ്ങനെയാണ്. അറബികളും കേരളീയരും തമ്മിൽ ഇടപഴകാനുള്ള അവസരങ്ങൾ ഏറി വന്നതോടെ അറബി പദങ്ങൾ മലയാളത്തിൽ ഉപയോഗിക്കാൻ ഒട്ടേറെ സാഹചര്യങ്ങളുണ്ടായി. തദ്ദേശീയ മുസ്‌ലിംകൾ സംസാരിച്ചിരുന്ന ഭാഷ കേരള ഭാഷ ആയതുകൊണ്ടു തന്നെ, തങ്ങളുടെ വിശ്വാസ സംസ്കൃതിയുടെ യഥാർത്ഥ ആശയം പ്രകടിപ്പിക്കാൻ ചിലഘട്ടങ്ങളിൽ അറബി വാക്കുകൾ തന്നെ അവർക്ക് ഉപയോഗിക്കേണ്ടി വന്നു [3]. മലയാളത്തോടൊപ്പം ആവശ്യമായ അറബിപദങ്ങളും അവർ സംസാരത്തിലും എഴുത്തിലും ഉപയോഗിച്ചു. ഈ വിധം ധാരാളം വാക്കുകൾ മലയാളത്തിൽ എത്തി.

## ഉത്തരേന്ത്യൻ സ്വാധീനം

എ. ഡി 1310-ൽ അലാവുദ്ദീൻ ഖിൽജിയുടെ ദക്ഷിണ വിജയത്തോടെയാണ് ദക്ഷിണ ഭാരതത്തിൽ മുസ്‌ലിം ആധിപത്യം ആരംഭിക്കുന്നത്. അലാവുദ്ദീൻ ഖിൽജിയുടെ സേനാ നായകനായ കാഫൂർ, തമിഴൻമാരെ പരാജയപ്പെടുത്തി, മധുര ആസ്ഥാനമാക്കിയതിനു ശേഷം തന്റെ സൈന്യത്തിലുള്ളവരെ വിവിധ സ്ഥലങ്ങളിലേക്ക് അയച്ചിരുന്നു. അതിൽ കുറച്ചുപേർ കേരളത്തിലേക്കും എത്തി. ദൗത്യം കഴിഞ്ഞ് പലരും മടങ്ങിയെങ്കിലും കുറച്ചുപേർ കേരളത്തിൽ തന്നെ താമസമാക്കി. അവരുമായുള്ള സമ്പർക്കത്തിലൂടെ അറബി പദങ്ങൾ മലയാളത്തിൽ എത്തിയിട്ടുണ്ടെന്ന് പ്രൊഫ.വെള്ളായണി അർജ്ജുനൻ പറയുന്നു(1972:166). അതുപോലെ, ഉത്തരേന്ത്യയിൽ നിന്നു കേരളത്തിലേക്കു വന്ന സൂഫികളിലൂടെയും സ്വാധീനം ഉണ്ടായിട്ടുണ്ടാകും. "അറബിയിലും തുർക്കി കലർന്ന പേർഷ്യനിലുമുള്ള അവരുടെ മതപ്രഭാഷണങ്ങളിലൂടെയും ധാരാളം വാക്കുകൾ മലയാളത്തിലേക്കു കടന്നിരിക്കാൻ ന്യായമുണ്ട്"(അർജ്ജുനൻ വെള്ളായണി, 1972:166).

## പേർഷ്യൻ സ്വാധീനത്തിന്റെ വഴി

ബി.സി കാലഘട്ടം മുതൽതന്നെ പേർഷ്യൻ നാട്ടുകൾക്ക് മലബാറുമായി ബന്ധമുണ്ടായിരുന്നതായി ചരിത്രമുണ്ട്. ഡോ. ഹുസൈൻ രണ്ടത്താണി എഴുതുന്നു: "ജൂതരേഖകൾ പ്രകാരം സോളമൻ രാജാവ് തീരവുമായി വാണിജ്യബന്ധങ്ങൾ ആരംഭിച്ച ബി.സി 973നോടടുത്ത് ആദ്യജൂത സംഘം മലബാറിലെത്തി. ബി.സി 605ൽ പേർഷ്യൻ രാജാവായ ഷാൽമനേസർ അസീറിയൻ സാമ്രാ

[3] അറബി ലിപി ഉപയോഗിച്ച് മലയാളം എഴുതുന്ന രീതിയായ അറബിമലയാളം ഉണ്ടായതിന്റെ ഒരു യുക്തി, മുസ്‌ലിംകൾ സ്വന്തം സാംസ്കാരിക സവിശേഷതകൾ തനിമയോടെ ആവിഷ്കരിക്കാൻ ശ്രമിച്ചു എന്നതാണല്ലോ. അറബിയിൽ ഇരുപത്തി എട്ട് അക്ഷരങ്ങളാണുള്ളത്. അവയിൽ പതിനഞ്ചെണ്ണം മാത്രമേ മലയാള ലിപി ഉപയോഗിച്ച് എഴുതിക്കാണിക്കാനാവൂ. ബാക്കി പതിമൂന്നു വർണങ്ങൾക്ക് ആലേഖനം സാധ്യമല്ല. മലയാളത്തിലെ അ, ആ, ഇ, ഈ, ഉ, ഊ എന്നീ സ്വരങ്ങളേ അറബിയിലുള്ളൂ. എ, ഏ, ഐ, ഒ, ഓ, ഔ എന്നീ സ്വരങ്ങളില്ല.

ഉദാഹരണത്തിന്, ച എന്ന മലയാള അക്ഷരത്തിനു പകരം വെക്കാവുന്ന ഒരു അറബി അക്ഷരം ഇല്ല. ജ എന്ന് ഉച്ചാരണമുള്ള അറബി അക്ഷരമുണ്ട്. ഒരു പുള്ളിയിട്ട് എഴുതുന്ന 'ജ' എന്ന അക്ഷരത്തോടു കൂടെ രണ്ടു പുള്ളികൾ കൂടി ചേർത്തി 'ച' എന്നു ഉച്ചരിച്ചു. അങ്ങനെ ഓരോ അക്ഷത്തിനും പകരം കണ്ടു. മുസ്‌ലിം സംസ്കാരവുമായി ബന്ധപ്പെട്ട മലയാളത്തിലെ അക്ഷരങ്ങൾക്കു പകരം അതേ ഉച്ചാരണമുള്ള അറബി പദങ്ങൾ ലഭ്യമല്ലാത്തതിനാൽ സാദൃശ്യമുള്ള അറബി അക്ഷരങ്ങൾക്ക് ചെറിയ പരിഷ്കാരങ്ങൾ വരുത്തി പുതിയ അക്ഷരങ്ങൾ ഉണ്ടാക്കിയെന്നു ചുരുക്കം. അങ്ങനെ ഓരോ അക്ഷരത്തിനും പകരം കണ്ട്, മലയാളത്തിലെ പദങ്ങൾ എഴുതാൻ കഴിയുന്ന ലിപിയായി അറബിമലയാളം മാറി.

ജ്യം തകർക്കുകയും അടിമകളെയും തടവുകാരെയും നാടുകടത്തുകയും ചെയ്തു. പിന്നീട് സെന്റ് തോമസ് ഇന്ത്യയിലേക്ക് വരികയും ഏഷ്യൻജ്യൂതൻമാരെ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യുകയും ചെയ്തു. പേർഷ്യൻ സന്ന്യാസി മഠങ്ങളിൽ വളർന്ന മാർത്തോമസ്ലീഹയാണ് ദക്ഷിണേന്ത്യൻ ക്രിസ്തുമതത്തിന്റെ പിതാവ് എന്നറിയപ്പെടുന്നത്. അദ്ദേഹമായിരിക്കാം പേർഷ്യൻ സംസ്കൃതിയുടെ ഘടകങ്ങളെ ദക്ഷിണേന്ത്യയിലേക്ക് പ്രത്യേകിച്ചും ക്രിസ്തുമതത്തിന് വളരാൻ വളക്കൂറുണ്ടായിരുന്ന മലബാറിലേക്ക് കൊണ്ടുവന്നത്"(2012:77).

കേരള ചക്രവർത്തിയായിരുന്ന സ്ഥാണു രവിവർമ്മയുടെ അഞ്ചാം ഭരണ വർഷമായ എ.ഡി 849-ൽ (കൊ.വ 24) ഉണ്ടായ തരിസാപ്പള്ളി ശാസനം, വേണാട്ടുരാജാവായിരുന്ന അയ്യാർ അടികൾ, സാബ്രോർ ഈശോ എന്നിവർക്ക് കൊല്ലത്ത് തരിസാപള്ളി പണിയാൻ ഭൂമിയും മറ്റുചില അധികാരങ്ങളും നൽകുന്ന പ്രമാണമാണ്(പരമേശ്വരൻപിള്ള എരുമേലി, 2010:170). ഇതിലെ സാബ്രോർ ഈശോ ഒരു പേർഷ്യക്കാരനായിരുന്നു. ഡോ.പി.എം ജോസഫ് എഴുതുന്നു:" ഈ ശാസനത്തിന്റെ അവസാന ഭാഗത്ത് പഹ്ലവി, അറബി, ഹീബ്രു എന്നീ ഭാഷകളിൽ എഴുത്തുകൾ ഉണ്ട്. ഇവ ഒപ്പുകൾ ആണ് എന്നു കരുതപ്പെടുന്നു. പഹ്ലവിയിലുള്ള ഒപ്പ് ശാസനങ്ങളിൽ പറയുന്ന ആനുകൂല്യങ്ങൾ സ്വീകരിക്കുന്ന സബ്രു് ഈശോയുടെയും മറ്റുള്ളത് സാക്ഷികളുടെതുമായിരിക്കാം. സബ്രു് ഈശോ പേർഷ്യൻ കച്ചവടക്കാരനായിരുന്നു എന്നതിനു പഹ്ലവിയിലുള്ള ഒപ്പ് മറ്റൊരു തെളിവാണെന്നു തോന്നുന്നു"(2015:288). പേർഷ്യനുമായുള്ള കേരളത്തിന്റെ ബന്ധം പൗരാണികമാണെന്നു ഇതിൽ നിന്നും വ്യക്തമാകുന്നു.

എന്നാൽ കേരളീയ ജീവിതത്തിൽ പേർഷ്യൻ ഭാഷ പ്രധാനമായി കടന്നുവരുന്നത്, ഉത്തരേന്ത്യയിൽ ഭരണം നടത്തിയിരുന്ന മുഗളൻമാരുടെ കാലഘട്ടം മുതലും മൈസൂർ സുൽത്താൻമാരുടെ മലബാർ ഭരണകാലം മുതലുമാണ്. മുഗൾ കാലഘട്ടത്തിലെ ഔദ്യോഗക ഭാഷ പേർഷ്യനായിരുന്നു. രാജ്യഭരണം, പ്രധാന വിദ്യാഭ്യാസം, നീതിന്യായം തുടങ്ങിയ സംവിധാനങ്ങളെല്ലാം പേർഷ്യൻ ഭാഷയിലായതോടെ ആളുകൾക്ക് പേർഷ്യൻ ഭാഷ അടുത്തറിയൽ നിർബന്ധമായി. പേർഷ്യൻ കവികളും സാഹിത്യകാരൻമാരും ഇന്ത്യ സന്ദർശിക്കുകയും ദർബാറുകളിൽ അവർക്ക് വലിയ സ്വീകാര്യത ലഭിക്കുകയും ചെയ്യുന്ന സന്ദർഭം കൂടിയായിരുന്നു അത്. ഇസ്ലാമിക പ്രചാരണം ദൗത്യമാക്കിയ ഖാജാ മുഈനുദ്ദീൻ ചിശ്തി അൽ അജ്മീരി, ഹസ്രത്ത് നിസാമുദ്ദീൻ ഔലിയ തുടങ്ങിയ സൂഫികൾ ഉത്തരേന്ത്യയിലെ ജനങ്ങൾക്കിടയിൽ തത്ത്വോപദേശങ്ങൾ നടത്തിയിരുന്നു. നിലവിലെ ഭാഷയായ ഹിന്ദിയിലേക്ക് ഭരണപരവും മതപരവുമായ പേർഷ്യൻ പദങ്ങൾ കടന്നുവരാൻ ഈ സാഹചര്യങ്ങൾ നിമിത്തമായി.

ഉത്തരേന്ത്യയിൽ നിന്നു പല നിലയിലും കേരളത്തിലെത്തിയവർ മുഖേന മലയാളത്തിൽ പേർഷ്യൻ സ്വാധീനം സംഭവിച്ചു. (അറബി സ്വാധീനം പറഞ്ഞിടത്ത് കേരളം ഉത്തരേന്ത്യയുമായി ബന്ധപ്പെടുന്ന സന്ദർഭങ്ങൾ വിവരിച്ചതിനാൽ ഇവിടെ അത് ആവർത്തിക്കുന്നില്ല). അത് ഹിന്ദിയിൽ കടന്നു കൂടിയ പേർഷ്യനായിരുന്നു എന്ന പ്രത്യേകത കൂടി ഉണ്ട്. മലയാളത്തിന് പേർഷ്യനുമായി ഹി

ന്ദിയിലൂടെയുള്ള ബന്ധം അല്ലാതെ, നേരിട്ടുള്ള ബന്ധം ഇല്ല എന്നു പറയുന്നു, ഡോ. കുഞ്ഞുമ്മത്തർ. പല അറബി പദങ്ങളും ഇതേ വഴിയിലാണ് മലയാളം സ്വീകരിച്ചതെന്നും കേരള സർവ്വകലാശാല മുൻ ഹിന്ദി പ്രൊഫസറും ഹിന്ദി പണ്ഡിതനുമായ ഡോ.കുഞ്ഞുമ്മത്തർ പറയുന്നുണ്ട്(1965:33-36). മലയാളത്തിന് പേർഷ്യനുമായുള്ള ബന്ധം ഹിന്ദിയിലൂടെ മാത്രമാണ് എന്ന ഈ വാദം പൂർണ്ണമായി അംഗീകരിക്കാനാകില്ല. ഹിന്ദിയിലൂടെ പേർഷ്യൻ പദങ്ങൾ വന്നിട്ടുണ്ട് എന്നത് ശരിയാണ്. അതേസമയം, പേർഷ്യൻ പദങ്ങൾ നേരിട്ടും ധാരാളം മലയാളത്തിൽ കടന്നുവരികയും അതിനുള്ള ചരിത്രസാഹചര്യം ഇവിടെ ഉണ്ടാവുകയും ചെയ്തിട്ടുണ്ട്.

മലയാളത്തിൽ പേർഷ്യൻ സ്വാധീനത്തിന് മതപരമായ ഒരു പശ്ചാത്തലം കൂടി ഉണ്ട്. കേരള മുസ്‌ലിം പണ്ഡിതൻമാർ പേർഷ്യൻ ഭാഷയുമായി പുലർത്തിയിരുന്ന ബന്ധമായിരുന്നു അത്. ഫാറാബി, തൂസി, അബൂബക്കർ റാസി, അബൂ ഹനീഫ, ഇമാം ഗസ്സാലി, ഫഖ്റുദ്ദീൻ റാസി, ഇമാം ബുഖാരി, ഇമാം മുസ്‌ലിം, അബൂദാവൂദ്, തിർമുദി, നസാഈ, ഇബ്നു മാജാ തുടങ്ങിയ പണ്ഡിതൻമാർ പേർഷ്യക്കാരാണ്. ഇവരുടെയെല്ലാം അറബി ഗ്രന്ഥങ്ങളും ചിന്തകളും കേരളത്തിലെ മത പാഠശാലകളിലെ (ദർസുകൾ, അറബി കോളേജുകൾ) പാഠ്യവിഷയങ്ങളിൽ ഇപ്പോഴും തുടരുന്നുണ്ട്. ഇവയിലെ അറബി വ്യാകരണ ഗ്രന്ഥങ്ങളായ മീസാനും സൻജാനും പേർഷ്യൻ നാമങ്ങളാണ്. പലതിലും പേർഷ്യൻ പദങ്ങളും പ്രയോഗങ്ങളും കാണാൻ കഴിയുന്നു. ഉദാഹരണത്തിന്, മീസാനിൽ ആവർത്തിച്ചുകാണുന്ന അസിസ്ബാത് ദമീറ് ദറൗ ഹുവ എന്ന പ്രയോഗം. ഈ അടുത്ത കാലം വരെയുള്ള കേരള മുസ്‌ലിം പണ്ഡിതൻമാർക്ക് അറബി കഴിഞ്ഞാൽ അറിവുള്ള മറ്റൊരു ഭാഷ പേർഷ്യനായിരുന്നു. ഇവർ കേരള വ്യവഹാര മണ്ഡലത്തിൽ ഇടപെട്ടതോടെ ആ വഴിക്കും പേർഷ്യൻ സ്വാധീനം മലയാളത്തിൽ ഉണ്ടായിട്ടുണ്ട്. 'മഹത്തായ മാപ്പിള സാഹിത്യ പാരമ്പര്യ'ത്തിൽ കാണാം: "അടുക്കളയിൽ തയ്യാർ ചെയ്യുന്ന മധുര പലഹാരത്തിന് ശീർനി എന്നും നമസ്കാരത്തിന് വിളിക്കുന്നത് ബാങ്ക് എന്നും ഖബർസ്ഥാനിലെ അടയാളക്കല്ലിന് നിശാൻകല്ല് എന്നും രാത്രി ചൊല്ലുന്ന ഭക്തി ഗാനങ്ങൾ ഉൾകൊള്ളുന്ന ഏടിന് ശബീന എന്നും ഖുർആൻ ലിപി പഠിപ്പിക്കുന്ന ഗുരുവിന് മുല്ല (പണ്ഡിതൻ) എന്നും മറ്റും കേരള മുസ്‌ലിംകൾക്ക് പേർ പഠിപ്പിച്ചത് പേർഷ്യൻ പണ്ഡിതൻമാർ തന്നെയാണ്. കാരണം ഇതു നാലും ശുദ്ധ പേർഷ്യൻ പദങ്ങളാണ്"(അഹ്മദ് മൗലവി, അബ്ദുൽ കരീം, 1978:35). ഇതിൽ നിശാൻ (അടയാളം എന്ന് അർത്ഥം) കല്ലിനു പകരം മീസാൻ കല്ല് എന്നും ശബീന(രാത്രിയിൽ പാരായണം ചെയ്യുന്നത് എന്ന് അർത്ഥം) എന്നതിനു പകരം സബീന എന്നുമാണ് നിലവിൽ ഉപയോഗത്തിലുള്ളത്.

## മൈസൂർ കാലഘട്ടം

മൈസൂർ സുൽത്താൻമാരായ ഹൈദറാലിയുടെയും ടിപ്പുസുൽത്താന്റെയും മലബാറിലെ ഭരണ സംവിധാനങ്ങളുടെ ഫലമായി അറബി-പേർഷ്യൻ പദങ്ങൾ നിരവധി മലയാളത്തിൽ എത്തിയിട്ടുണ്ട്. വളരെകുറച്ചു കാലം മാത്രമെ (1755-1792) അവർ ഭരണം നടത്തിയിട്ടുള്ളൂ എങ്കിലും ആ കാലയളവിനിടയിൽ അവർ നടപ്പാക്കിയ പല ഭരണ പരിഷ്കാരങ്ങളും മലയാളത്തിലുള്ള അറബി-

പേർഷ്യൻ സ്വാധീനത്തിന് ആക്കംകൂട്ടിയിട്ടുണ്ട്. തങ്ങളുടെ യുദ്ധകപ്പലുകൾക്ക് അറബി-പേർഷ്യൻ നാമങ്ങളാണ് നൽകിയിരുന്നത്. സൈനിക റവന്യൂ തലങ്ങളിലും സാങ്കേതിക വാക്കുകളായി ടിപ്പു സുൽത്താൻ ഉപയോഗിച്ചത് അധികവും അറബി-പേർഷ്യൻ വാക്കുകളാണ്. നികുതിയായി സംഖ്യ നിജപ്പെടുത്തി, അത്തരം ഭൂമിയെ മീരാസ് എന്ന വിളിച്ചിരുന്നത് ഉദാഹരണം. "പരസ്പരം കാണുമ്പോൾ അസലാമു അലൈകം, വഅലൈകുമുസ്സലാം എന്നീ അറബി അഭിവാദന വചനങ്ങൾ ഉപയോഗിക്കണമെന്ന് ടിപ്പു കൽപ്പിച്ചിരുന്നു. അവരുടെ വാണിജ്യ നിയമങ്ങളും ഓർഡിനൻസുകളുമെല്ലാം പേർഷ്യയിലായിരുന്നു"(കുറുപ്പ് കെ.കെ.എൻ, 2007:129-130).

ടിപ്പുവും കൊച്ചി രാജാവും തമ്മിലുണ്ടായ ഒരു ഉടമ്പടിയിൽ ഭരണപരമായ പല കാര്യങ്ങൾക്കുമൊപ്പം കൊച്ചി രാജകുടുംബത്തിൽ ഒരു ഉർദു ഉസ്താദിനെ നിയമിച്ച്, രാജകുടുംബാംഗങ്ങൾക്ക് ഉർദു പഠിപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. കൊച്ചിയിൽ 1930 വരെ ഈ സ്ഥിതി തുടർന്നിരുന്നു.

അറബി-പേർഷ്യൻ പദങ്ങളിൽ നിന്നു മലയാളം സ്വീകരിച്ച ഏതാനും പദങ്ങൾ വിഭാഗങ്ങൾ തിരിച്ച് താഴെ നൽകുന്നു.

## ഭരണം, നീതിന്യായം, സൈന്യം

അറബി: ഖലീഫ(ഭരണാധികാരി), നവാബ്(ഭരണാധികാരി), ഹരജി (കോടതിയിൽ ബോധിപ്പിക്കുന്ന പരാതി), ഖജാഞ്ചി, ജപ്തി, തഹസിൽ, താലൂക്ക്, മുൻസിഫ്, റദ്ദ്, വക്കാലത്ത്, അദാലത്ത്, വക്കീൽ, കാനൂൻ, ജാമ്യം, ജില്ല, ഹാജർ, മരാമത്ത്(പുനരുദ്ധാരണം എന്ന് അർത്ഥം, മൈസൂർ ഭരണകാലത്ത് കേരളത്തിൽ പീരങ്കികൾ വഹിക്കുന്ന വണ്ടികൾക്ക് പോകാൻ തക്ക നിരത്തുകളില്ലാതിരുന്നത് മൈസൂർ സൈന്യത്തിനു പ്രയാസം ഉണ്ടാക്കി. അതിനാൽ ഉള്ള നിരത്തുകളുടെ മരാമത്ത് പണികൾ ചെയ്യുന്നതിനും പുതിയ പാതകൾ നിർവ്വഹിക്കുന്നതിനും അവർ നിർബന്ധിതരായി. ജനകീയ ഭരണം വന്നപ്പോൾ മരാമത്ത് പണികൾക്ക് ഒരു വകുപ്പും വകുപ്പു മന്ത്രിയുമുണ്ടായി.)

പേർഷ്യൻ: സർക്കാർ, ദർബാർ, ബീഗം, കാനേഷുമാരി, രസീത്, ജവാൻ, ദിവാൻ, അബ്കാരി, ഉമസ്ഥൻ, ശിപായി, സർദാർ, പരാതി, പീരങ്കി.

## വാണിജ്യം, വസ്തുക്കൾ

അറബി: കബൂൽ, കരാർ, മക്കാനി, റൊക്കം, വത്തക്ക, സഫർജിൽ, ചക്കര, സാബൂൻ, കടലാസ്, അത്തർ, ബദൽ, കാലി, ദല്ലാൾ.

പേർഷ്യൻ: കമ്മി, നിരക്ക്, ചർക്ക, ത്രാസ്, സുമാർ, രസീത്.

## ഭക്ഷണം

അറബി: കാവ, പാലൂദ, പത്തിരി, കബാബ്, അല്ലാഹു അഅ്ലം(ഇത് പൊന്നാനി ഭാഗങ്ങളിൽ പ്രസിദ്ധമാണ്. ഈ പലഹാരത്തിന്റെ ആകൃതി കണ്ട് മനസ്സിലാകാത്ത ഒരാൾ എന്താണ് ഇതെന്നു ചോദിച്ചപ്പോൾ പറഞ്ഞ മറുപടിയായ അല്ലാഹുഅഅ്ലം(അല്ലാഹുവിന് അറിയാം എന്ന് അർത്ഥം, തനിക്ക് അറിയില്ലെന്നു സാരം) ആ സാധനത്തിന്റെ പേര് തന്നെയായി മാറുകയായിരുന്നുവെത്രെ),

ഏറ്റവും പുതുതായി വന്ന രണ്ടു പേരുകളാണ് ശവർമയും അൽ ഫാമയും. ശവർമക്ക് പൊരിച്ച മട്ടൻ എന്ന് അറബിയിൽ അർത്ഥം. അൽ ഫഹ്മ് എന്നാണ് അൽഫാമയുടെ അറബി; അർത്ഥം അടുപ്പിലിട്ട് കരിയിച്ച കോഴി.

പേർഷ്യൻ: ചപ്പാത്തി, പുലാവ്, അച്ചാർ, ബിരിയാണി, മൈദ.

## വസ്ത്രം

അറബി: ബുർക, ജുബ്ബ, കമീസ്, മക്കന, കീശ, കഫ്ഫ്( മുൻ കൈ എന്ന് അറബിയിൽ അർത്ഥം. കുപ്പായത്തിന് പൂർണമായ കൈ ആദ്യം കേരളത്തിൽ ഉപയോഗിച്ചത് അറബികളായിരുന്നു)

പേർഷ്യൻ: ഉറുമാൽ, കാക്കി, ശൽവാർ.

## സ്ഥലം

അറബിയിലുള്ള ഏതാനും സ്ഥല നാമങ്ങൾ ഉപയോഗത്തിലുണ്ട്. ഫാറൂഖ്, സുൽത്താൻ ബത്തേരിയിലെ സുൽത്താൻ, അബ്ദുറഹ്മാൻ നഗറിലെ അബ്ദുറഹ്മാൻ, മലയാളത്തിലെ മലയും അറബിയിലെ ബറ്റും(കര എന്ന് അർത്ഥം) ചേർന്നുണ്ടായതാണ് മലബാർ എന്ന് ചിലപണ്ഡിതൻമാർക്ക് അഭിപ്രായമുണ്ട്. അതു പോലെ പേർഷ്യൻ പദമായ ബാസാർ എന്നു ചേർത്തിയുള്ള സഥലങ്ങളുണ്ട്. പള്ളിക്കൽ ബസാർ എന്ന് ഉദാഹരണം.

## സാഹിത്യം

മലയാള സാഹിത്യത്തിലെ ചില തലക്കെട്ടുകളോട് അറബി വാക്കുകൾ ചേർന്നു കാണുന്നു. ബഷീറിന്റെ അനൽ ഹഖ്, യാ ഇലാഹി, പി. എ മുഹമ്മദ് കോയയുടെ സുൽത്താൻ വീട് എന്നതിലെ സുൽത്താൻ, യു. എ ഖാദറിന്റെ ഖുറൈശിക്കൂട്ടം എന്നതിലെ ഖുറൈശി, കെ. പി രാമനുണ്ണിയുടെ സൂഫി പറഞ്ഞ കഥ എന്നതിലെ സൂഫി, വി. കെ. എന്നിന്റെ ഹാജ്യാര്, ഉറൂബിന്റെ മൗലവിയും ചങ്ങാതിയും എന്നതിലെ മൗലവി, ആമിന, കമല സുരയ്യയുടെ യാ അല്ലാഹ്, കെ. ടി മുഹമ്മദിന്റെ കാഫർ, വയലാറിന്റെ ആയിശ, ചുള്ളിക്കാടിന്റെ ഗസൽ, അനിൽ ദേവസ്സിയുടെ യാ ഇലാഹി ടൈംസ് എന്നതിലെ യാ ഇലാഹി തുടങ്ങിയവ ഉദാഹരണങ്ങളാണ്.

പ്രമുഖ സാഹിത്യകാരനായ പി. സി കുട്ടികൃഷ്ണൻ ഉപയോഗിച്ചിരുന്ന തൂലികാനാമം, ഉറൂബ് (അസ്തമയം എന്ന് അർത്ഥം) അറബി വാക്കാണ്.

## മാധ്യമങ്ങൾ

മലയാളത്തിൽ ഇറങ്ങുന്ന അറബി പേരുള്ള ഒരു ദിനപത്രമാണ് കോഴിക്കോട് ഉൾപ്പെടെയുള്ള പ്രധാന സ്ഥലങ്ങളിൽ നിന്നും അച്ചടിക്കുന്ന സിറാജ്(പ്രകാശം എന്ന് അർത്ഥം). മലയാളത്തിൽ മുസ്‌ലിം മാനേജ്മെന്റുകൾക്കു കീഴിൽ ഇറങ്ങുന്ന പല ആനുകാലികങ്ങളുടെയും പേരുകൾ അറബിയിലാണ്. ഉദാഹരണം: സുന്നി അഫ്കാർ, അൽ ഇർഫാദ്, അൽ മുഅല്ലിം, രിസാല, ശബാബ്, അൽ മനാർ.

## ചലച്ചിത്രം

ചില ചലച്ചിത്രങ്ങളുടെ തലക്കെട്ടുകളിൽ അറബി വാക്കുകൾ വന്നിട്ടുണ്ട്. ഉദാഹരണം: ഉസ്താദ് ഹോട്ടൽ എന്നതിലെ ഉസ്താദ്, ദാദാ സാഹിബ് എന്നതിലെ സാഹിബ്, ഉറുമി, മഗ്‌രിബ്, ഗസൽ, യത്തീം. ചലചിത്രങ്ങളുടെ ഉള്ളടക്കങ്ങളിലും ഗാനങ്ങളിലും അറബി വാക്കുകൾ കടന്നു വരാറുണ്ട്. മാമുക്കോയയുടെ മിക്ക കഥാപാത്രങ്ങളും അറബി ചേർത്തിയാണ് മലയാളം പറയാറ്.

## ഉപസംഹാരം

ഒരുകാലത്ത്, കേരളത്തിലേക്ക് കടന്നുവന്നവരുടെ ഭാഷ അറബിയും പേർഷ്യനുമായിരുന്നു. ഇന്ന് ഇംഗ്ലീഷിനുള്ള സ്ഥാനം ചരിത്രത്തിൽ അവയ്ക്കു കാണാൻ കഴിയും. പോർച്ചുഗീസുകാർ ഇവിടെ വന്നപ്പോൾ സാമൂതിരിക്ക കൊടുക്കാൻ കൊണ്ടുവന്ന പോർച്ചുഗീസ് രാജാവിന്റെ കത്ത് അറബിയിലായിരുന്നു. അക്കാലത്തെ പല വ്യവഹാരങ്ങളും അറബി മാധ്യമത്തിലായിരുന്നു. മുഗൾ ഭരണത്തിന്റെ ഔദ്യോഗിക ഭാഷയായിരുന്നു പേർഷ്യൻ. അവരുമായി കേരളം പലരീതിയിൽ സമ്പർക്കം നടത്തിയിട്ടുണ്ട്. മൈസൂർ സുൽത്താൻമാരുടെ പല വ്യവഹാരങ്ങളും അറബിയിലും പ്രധാനമായി പേർഷ്യനിലുമായിരുന്നു. മേലാള/ ഭരണ വർഗ ഭാഷ സാധാരണക്കാരെ സ്വാധീനിക്കുക സ്വാഭാവികമാണ്. അത്തരം ഒരു പശ്ചാത്തലം ഈ സ്വാധീനങ്ങൾക്കു പിന്നിലുണ്ട്. പേർഷ്യനുമായി, ഇപ്പോൾ കേരളത്തിനു ബന്ധപ്പെടാനുള്ള അവസരങ്ങൾ കുറഞ്ഞുവെങ്കിലും അറബിയുമായുള്ള ബന്ധം തുടരുക തന്നെയാണ്. കേരളത്തിലെ വലിയൊരു വിഭാഗം ആളുകൾ ഇന്നു ഉപജീവനം തേടുന്നത് അറബ് നാട്ടിലാണ്. ഒരുകാലത്ത് അറബികളുടെ പ്രവാഹം ഇങ്ങോട്ടായിരുന്നെങ്കിൽ ഇന്ന് തിരിച്ച് അങ്ങോട്ടേയ്ക്കായിരിക്കുന്നു. നാട്ടിൽ തിരിച്ചെത്തുമ്പോൾ, തദ്ദേശീയമായ പുതിയ ഒന്നിന് കൂടുതൽ അനുയോജ്യമായ വാക്ക് പകരം നൽകുന്ന പ്രക്രിയ നടന്നു എന്നു വരാം. നാടുകളിൽ ഉയർന്നു പൊങ്ങിക്കൊണ്ടിരിക്കുന്ന അറേബ്യൻ റസ്റ്റോറന്റുകളിലൂടെ പ്രചരിക്കുന്ന വിഭവങ്ങളും അവയുടെ പേരുകളും നമ്മുടേതായിത്തീരുന്നത് ഒരു ഉദാഹരണമാണ്. നാട്ടിലിപ്പോൾ, സംസാരത്തിനിടെ ആശ്ചര്യം പ്രകടിപ്പിക്കാനോ മറ്റോ കടന്നു വരുന്ന ഐവ പ്രയോഗം, അറബികൾ സംസാരത്തിനിടെ ഏറെ ഉപയോഗിക്കുന്ന ഒരു വാക്കാണ്. അറബി മാധ്യമങ്ങളായുള്ള സ്ഥാപനങ്ങളും(മദ്റസകൾ, ദർസുകൾ, അറബികോളേജുകൾ) പ്രസിദ്ധീകരണങ്ങളും കേരള മുസ്‌ലിം വ്യവഹാര മണ്ഡലത്തിൽ ഒട്ടേറെയുണ്ട്. അതു പോലെ, മുസ്‌ലിം ഗൃഹസാക്ഷരതാ പാരമ്പര്യമുള്ള മലയാളത്തിലെ എഴുത്തുകാരുടെ ഇടപെടലുകളും മലയാള ഭാഷയിൽ അറബിപദങ്ങളുടെ കടന്നുവരവിനു കാരണമാകുന്നുണ്ട്. വൈക്കം മുഹമ്മദ് ബഷീർ മുതൽ എം. എൻ കാരശ്ശേരി വരെയുള്ളവരുടെ രചനകളിൽ കാണുന്ന അറബിപദങ്ങൾ മലയാളത്തിന്റെ സ്വന്തം എന്നോണം പിന്നീട് അനുഭവപ്പെടുന്നത് കാണാം. ഒരു പക്ഷേ, ഇംഗ്ലീഷ് കഴിഞ്ഞാൽ മലയാളത്തെ ഇനിയും സ്വാധീനിക്കുക അറബിയായിരിക്കും.

## സഹായകഗ്രന്ഥങ്ങൾ


1. ജോസഫ്. പി. എം. ഡോ., 2015, മലയാളത്തിലെ പരകീയ പദങ്ങൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. പ്രഭാകര വാരിയർ. കെ. എം, 2001, ഭാഷാവലോകനം, വള്ളത്തോൾ വിദ്യാ പീഠം, ശുകപുരം.
3. നമ്പ്യാർ ഒ. കെ, 1962, പോർത്തുഗീസ് കടൽകൊള്ളക്കാരും ഇന്ത്യൻ നാവികരും, കോട്ടയം.
4. കരീം സി.കെ. ഡോ, 1984, ചരിത്ര പഠനങ്ങൾ, ചരിത്രം പബ്ലിക്കേഷൻസ്, തിരുവനന്തപുരം.
5. ഇംറുൽ ഖൈസ്, 2003, ശറഹുൽ മുഅല്ലഖ (അറബി), മകതബതു തിരൂരങ്ങാടി, കാലിക്കുത്ത്.
6. അർജ്ജുനൻ, വെള്ളായണി, 1972, ഗവേഷണ മേഖല, വിത: നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം.
7. ഹുസൈൻ, രണ്ടത്താണി, ഡോ, 2012, മാപ്പിള വസന്തം ചരിത്രവും വർത്തമാനവും(എഡി: ഡോ.ഹസ്കറലി ഇ.സി), പിയാനോ കോഴിക്കോട്.
8. പരമേശ്വരൻ പിള്ള, എരുമേലി, 2010, മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ, കറന്റ് ബുക്സ് കോട്ടയം.
9. മുഹമ്മദ് കുഞ്ഞു മേത്തർ പി.വി. ഡോ, 1985, ലേഖനം, വിജ്ഞാന കൈരളി, ഏപ്രിൽ.
10. അഹ്മദ് മൗലവി സി.എൻ, അബ്ദുൽ കരീം കെ.കെ, 1978, മഹത്തായ മാപ്പിള സാഹിത്യ പാരമ്പര്യം, വിത: ആസാദ് ബുക്ക് സ്റ്റാൾ, കോഴിക്കോട്.
11. കുറുപ്പ്. കെ.കെ.എൻ, 2007, നവാബ് ടിപ്പു സുൽത്താൻ ഒരു പഠനം, മാതൃഭൂമി ബുക്സ്, കോഴിക്കോട്,
12. cowan. j.m, 1976, dictionary of modern written arabic, Newyork.



ഡോ. മുഹമ്മദ് ശഫീഖ് വഴിപ്പാറ

അസി.പ്രൊഫസർ, മലയാള വിഭാഗം

ഡബ്ല്യു. എം. ഒ കോളേജ്, മുട്ടിൽ, വയനാട്